## 1074

ജീവിതത്തോണി സ്വർഗ്ഗതീരം ചേരാൻ ചേരാൻ
കാലമിനിയേറെയില്ല പാരിൽ പാരിൽ
കണ്ടിടും പ്രിയന്റെ പൊന്നുമുഖത്തെ പാടും ഞാൻ സ്തുതിഗീതങ്ങൾ

1 ഇരുളെങ്ങും നിറയുന്ന ഇവിടുള്ള വാസത്തെ വിട്ടീടും ഒരു നാളിൽ നാം
പരലോകെ ചേർന്നിടും വാഴും എന്നാളും ആനന്ദം കൊണ്ടാടിടും-

2 കടലിൻ വൻ തിരയേറ്റു അലയാതെയെൻതോണി
കരചേർക്കും കരുണാമയൻ
കഷ്ടങ്ങൾ തീർന്നിടും ദുഃഖം മാറിടും കർത്താവിൽ ആനന്ദിക്കും-

3 എന്നേശു വന്നിടും എന്നേയും ചേർത്തിടും തൻസ്വന്തരാജ്യത്തിലായ്
പ്രത്യാശയേറുന്നു കാന്തൻ കൂടെന്നും വാണിടാൻ സീയോൻ പുരേ-